**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1758** **11-10-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാത വികസനത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലയ്ക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത വികസനത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലയ്ക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുകയ്ക്ക് അനുസൃതമായി, സർവകലാശാല സർക്കാരിലേക്ക് എത്ര കോടി രൂപയുടെ പ്രൊജക്ട് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രൊജക്ടുകൾ സർക്കാരിലേക്ക് സമർപ്പിച്ച തീയതി, അവയിൽ സർക്കാർ അംഗീകരിച്ച പ്രൊജക്ടുകളുടെ വിശദാംശങ്ങൾ, സർക്കാരിൽ നിന്നും നാളിതുവരെ ഓരോ പ്രൊജക്ടിനും ലഭ്യമായ തുകയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ; | (എ) | ദേശീയ പാത വികസനത്തിനു വേണ്ടി ഏറ്റെടുത്ത ചേലേമ്പ്ര, പള്ളിക്കൽ, തേഞ്ഞിപ്പലം, മുന്നിയൂർ എന്നീ വില്ലേജുകളിലെ സർവ്വകലാശാല ഭൂമിയുടെയും കുഴിക്കൂർ ചമയങ്ങളുടെയും നഷ്ടപരിഹാര തുകയ്ക്ക് അനുസൃതമായി സർവകലാശാല സർക്കാരിലേക്ക് 86.40 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ദേശീയപാതയുടെ വീതികൂട്ടൽ മൂലം തകരുന്ന സർവകലാശാലയുടെ ജലവിതരണ സംവിധാനം പുനഃസ്ഥാപിക്കുന്ന പ്രവർത്തിക്കു വേണ്ടി 10.07.2022 തീയതിയിലെ GO(Rt) No.1043/2022/Hedn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 8.06 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക NHAI യുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള നഷ്ടപരിഹാര തുകയ്ക്ക് അനുസൃതമായി സർക്കാരിലേക്ക് സമർപ്പിച്ച പ്രൊജക്ടുകളിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 18.10.2023 ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ സിൻഡിക്കേറ്റ് അംഗങ്ങൾ മുഖ്യമന്ത്രിയെയും മറ്റും സന്ദർശിച്ച് ചർച്ച നടത്തിയതിന്റെ ഫലങ്ങൾ വിശദമാക്കുമോ; പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് സർവകലാശാല ഫണ്ടിൽ നിന്നും യാത്രാബത്ത ഇനത്തിലും മറ്റും ചെലവഴിച്ച തുകയെത്രയെന്ന് വിശദമാക്കാമോ? | (ബി) | ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള നഷ്ടപരിഹാര തുകയ്ക്ക് അനുസൃതമായി സർവകലാശാല സർക്കാരിലേക്ക് സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. സർവകലാശാല സമർപ്പിച്ച പ്രോജക്ടുകളിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് 18.10.2023-ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ സിൻഡിക്കേറ്റ് അംഗങ്ങൾ മുഖ്യമന്ത്രിയെയും മറ്റും സന്ദർശിച്ചു ചർച്ച നടത്തിയതിന്റെ ഭാഗമായി സിൻഡിക്കേറ്റ് അംഗങ്ങൾക്ക് യാത്രാബത്ത, സിറ്റിംഗ് ഫീ എന്നീ ഇനങ്ങളിലായി ആകെ ഇതുവരെ 32,226/- രൂപ മാത്രം സർവകലാശാല അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ